പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3133 13-03-2017-ലെ മറുപടിയ്ക്ക്

## സ്വന്തമായി കൃഷിയിടങ്ങളില്ലാത്ത കർഷകർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വന്തമായി കൃഷിഭൂമിയില്ലാത്തതുകൊണ്ട് മാത്രം കൃഷി ചെയ്യാൻ കഴിയാത്ത കർഷകരുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിലങ്ങളും കൃഷിയിടങ്ങളും തരിശുകിടക്കുമ്പോഴും കൃഷി ചെയ്യാൻ താൽപ്പര്യമുള്ളതും എന്നാൽ സ്വന്തമായി കൃഷിയിടങ്ങളില്ലാത്തതിനാൽ അതിന് കഴിയാത്തതുമായ കർഷകരെ സഹായിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | സ്വന്തമായി കൃഷിയിടമില്ലാത്ത കർഷകർ തരിശുകിടക്കുന്ന കൃഷിയിടം വാടകക്കെടുത്ത് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി താഴെ പറയുന്ന രണ്ട് പദ്ധതികൾ മുഖേന ധനസഹായം നൽകിവരുന്നു.<br><br>1) <u>തരിശുപാടങ്ങളിൽ നെൽകൃഷി:-</u><br><br>തരിശുനിലത്തിൽ നെൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000/- രൂപ ധനസഹായം നൽകി വരുന്നു. സ്വന്തമായി ഭൂമിയില്ലാത്ത പാട്ടകൃഷിക്കാർക്കും പ്രയോജനപ്പെടുത്താവുന്നതാണ്. ഇപ്രകാരം അനുവദിക്കുന്ന ധനസഹായത്തിൽ പാട്ടകൃഷിക്കാരന് 25,000/- രൂപയും ഭൂവുടമയ്ക്ക് 5,000/- രൂപയുമാണ് ലഭിക്കുന്നത്.<br><br>2) <u>തരിശുനിലങ്ങളിൽ പച്ചക്കറി:-</u><br><br>തരിശുനിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 30,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. ഇപ്രകാരം അനുവദിക്കുന്ന ധനസഹായത്തിൽ 25,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമയ്ക്കുമാണ് നൽകുന്നത്. |

| | |
|---|---|
| (സി) കൃഷിക്കാർക്ക് വയലുകളും കൃഷിയിടങ്ങളും വിലയ്ക്ക് വാങ്ങി കൃഷി നടത്തുന്നതിന് സഹായിക്കുന്ന തരത്തിലുള്ള എന്തെങ്കിലും വായ്പാ പദ്ധതികൾ നിലവിലുണ്ടോ; | (സി) ഇല്ല. |
| (ഡി) തരിശുകിടക്കുന്ന കൃഷിയിടങ്ങൾ യഥാർത്ഥ കർഷകർക്ക് സ്വന്തമായി കൃഷി വ്യാപിപ്പിക്കുന്നതിന് സഹായിക്കുന്ന തരത്തിലുള്ള എന്തെങ്കിലും പദ്ധതികൾ പരിഗണിക്കുമോ? | (ഡി) ദീർഘകാലമായി തരിശു കിടക്കുന്ന സ്വന്തം കൃഷിയിടങ്ങളിൽ കൃഷിയിറക്കുന്നതിനും കർഷകർക്ക് നെൽകൃഷി വികസന പദ്ധതി പ്രകാരം ഹെക്ടറിന് 30,000/- രൂപയും പച്ചക്കറികൃഷി വികസന പദ്ധതി പ്രകാരം ഹെക്ടറിന് 30,000/- രൂപയും ധനസഹായം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ